# ബാങ്കുവിളി കേൾക്കുമ്പോൾ

**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

ബാങ്ക് കേട്ടാൽ, മുഅദ്ദിൻ പറയുന്നതു പോലെ പറയുക. ഹയ്യ അലസ്സ്വലാത്, ഹയ്യ അലൽഫലാഹ് എന്നിവിടങ്ങളിലൊഴിച്ച്. അവിടെ ചുവടെ ചേർത്ത 'ഹൗകലഃ' ചൊല്ലുക.

لاَ حولَ ولاَ قُوةَ إلا بِالله

വല്ലവനും ഹൃദയത്തിൽ തട്ടി ഇപ്രകാരം പറഞ്ഞാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചുവെന്ന് ഇമാം മുസ്‌ലിം രിവായത്ത് ചെയ്ത ഹദീഥിൽ വന്നിട്ടുണ്ട്.

- സ്വലാത്ത് ചൊല്ലുക.
- പ്രവാചകനുﷺവേണ്ടി വസീലഃയെ തേടുക.

اللهُم رب هذه الدعوة التامة والصلاَة الْقَائمة آت مُحمدا الْوسيلَةَ والْفَضيلَةَ وابعثْهُ مقَاما محمُودا الذى وعدتَهُ

"ഈ സമ്പൂർണ്ണ വിളിയുടേയും ക്വാഇമത്തായ സ്വലാത്തിന്റേയും രക്ഷിതാവായ അല്ലാഹുവേ, മുഹമ്മദിന് നീ അൽവസീലയും അൽഫദ്വീലയും നൽകേണമേ. നീ തിരുമേനിക്ക് വാഗ്ദാനം ചെയ്തതായ സ്തുതിക്കപ്പെട്ട മകാമിൽ തിരുമേനിയെ ഉയർത്തെഴുന്നേൽപ്പിക്കേണമേ."

അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "നിങ്ങൾ മുഅദ്ദിൻ(ബാങ്ക് വിളിക്കുന്നത്) കേട്ടാൽ, അയാൾ പറയുന്നതു പോലെ നിങ്ങളും പറയുക. ശേഷം നിങ്ങൾ എന്റെമേൽ സ്വലാത്ത് ചൊല്ലുക. കാരണം, വല്ലവനും എന്റെ മേൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അതുകൊണ്ട് അല്ലാഹു അവന് പത്ത് കാരുണ്യങ്ങൾ വർഷിക്കും. ശേഷം നിങ്ങൾ അല്ലാഹുവോട് എനിക്കുവേണ്ടി വസീലഃയെ തേടുക. കാരണം അത് സ്വർഗ്ഗത്തിലെ ഒരു പദവിയാണ്. അല്ലാഹുവിന്റെ ദാസന്മാരിൽ ഒരു ദാസനുമാത്രമാണ് അത് ചേരുക. ആ വ്യക്തി ഞാനാകുവാൻ ഞാൻ ആശിക്കുന്നു. വല്ലവനും എനിക്കുവേണ്ടി വസീലഃയെ തേടിയാൽ അവന് ശഫാഅത്ത് ലഭിക്കുന്നതാണ്." (മുസ്‌ലിം)

- താഴെ വരും വിധം ശഹാദത്ത് ചൊല്ലുക.

أَشهدُ أَنْ لاَ إِلَه إلا اللهُ وحدَهُ لاَ شرِيك لَه وأَن مُحمدا عبدُه ورسُولُهُ رضيتُ بِالله ربا وبِمُحمد رسُولاً وبِالإِسلاَمِ دينا

"അല്ലാഹുവല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനും യാതൊരു പങ്കുകാരനില്ലാത്തവനുമാണ്. നിശ്ചയം, മുഹമ്മദ്ﷺ അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവിനെ റബ്ബായിട്ടും മുഹമ്മദിﷺനെ റസൂലായിട്ടും ഇസ്‌ലാമിനെ ദീനായിട്ടും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു.

വല്ലവനും ബാങ്ക് കേൾക്കുമ്പോൾ ഇപ്രകാരം ചൊല്ലിയാൽ അവന്റെ പാപങ്ങൾ പൊറുക്കപ്പെട്ടുവെന്ന് ഇമാം മുസ്‌ലിം രിവായത്ത് ചെയ്ത ഹദീഥിൽ വന്നിട്ടുണ്ട്.